# പ്രവർത്തകരോട്

ഹൽഖാ അമീർ

# *പ്രബോധന*ത്തിനു വേണ്ടി പ്രവർത്തിക്കുക

**ഇസ്‌ലാമിക** പ്രസ്ഥാനത്തിന്റെ ഹൃദയമിടിപ്പുകൾ കേരളത്തിലെ വായനാശീലർക്കും ചിന്താശേഷിയുള്ളവർക്കും പകർന്നു നൽകുന്നതിൽ *പ്രബോധനം* വഹിക്കുന്ന പങ്ക് അതിപ്രധാനമാണ്. 1940-കളിൽ മൗലാനാ മൗദൂദി സാഹിബിന്റെ ഏതാനും കൃതികളുടെ വിവർത്തനവും ഹാജിസാഹിബിന്റെയും വിരലിലെണ്ണാവുന്ന ചില പണ്ഡിതന്മാരുടെയും പ്രഭാഷണങ്ങളും മാത്രമായിരുന്നു മലയാള നാട്ടിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ കരുപ്പിടിപ്പിക്കാനുള്ള കൈമുതൽ. മലയാളികളിൽ ഇസ്‌ലാമിനനുകൂലമായ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിന് സഹായിക്കുന്ന ഒരു മാധ്യമത്തെ കുറിച്ച ചർച്ചയിൽനിന്നാണ് *പ്രബോധനം* എന്ന ആശയം രൂപപ്പെടുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹാജിസാഹിബിന്റെ ഇഛാശക്തിയും കെ.സി അബ്ദുല്ല മൗലവിയുടെ കഠിനപ്രയത്നവും 1949-ൽ *പ്രബോധന*ത്തെ കേരളീയരുടെ കൈകളിൽ എത്തിച്ചു.

ആദ്യനാളുകളിൽതന്നെ മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള ഇസ്‌ലാമിക പ്രസിദ്ധീകരണം എന്ന സ്ഥാനം *പ്രബോധന*ത്തിന് കൈവന്നു. അന്ധവിശ്വാസങ്ങളിൽനിന്നും ഇസ്‌ലാമിനെ സംബന്ധിച്ച അബദ്ധ ധാരണകളിൽനിന്നും മുസ്‌ലിം സമൂഹത്തെ കൈപിടിച്ചുയർത്താനാണ് അത് പ്രയത്നിച്ചത്. കേരളത്തിലെ ജനങ്ങളോട് അവരുടെ ഭാഷയിൽ സംസാരിക്കുന്ന ഒരു പ്രസിദ്ധീകരണത്തെ മുസ്‌ലിം സമുദായം ഏറെ അമ്പരപ്പോടെയാണ് ആദ്യം വീക്ഷിച്ചത്. ചിലരെങ്കിലും വിമർശനമുന്നയിക്കുകയും ചെയ്തു. എന്നാൽ *പ്രബോധന*ത്തിന്റെ ചുവട് പിടിച്ചുകൊണ്ട് പിന്നീട് മലയാളത്തിൽ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ ധാരാളമായി പിറവിയെടുത്തുവെന്നത് സന്തോഷകരമാണ്. *പ്രബോധന*ത്തിൽനിന്നും ലഭിച്ച പ്രചോദനം ഇസ്‌ലാമിക പ്രസ്ഥാനത്തിന് ദിനപത്രമടക്കമുള്ള മറ്റുപ്രസിദ്ധീകരണങ്ങൾ ആരംഭിക്കുന്നതിന് സഹായകമായി. അപ്പോഴും പ്രവാചകന്മാരുടെ പ്രബോധനമെന്ന മൗലികധർമം നിർവഹിച്ചുകൊണ്ട് ഈ പ്രസിദ്ധീകരണം തലയുയർത്തി നിന്നു.

യൂറോപ്പിലെ ശാസ്ത്ര വിജ്ഞാനങ്ങളുടെ വിസ്ഫോടനം കണ്ട് അന്ധാളിച്ച മനുഷ്യസമൂഹത്തിനും ഇസ്‌ലാമിന്റെ ആശയാദർശങ്ങളിൽ അടിയുറച്ചുനിൽക്കാതെ ആടിയുലഞ്ഞുകൊണ്ടിരുന്ന മുസ്‌ലിം ബുദ്ധിജീവികൾക്കും മുമ്പാകെ യുക്തിഭദ്രമായും ആകർഷകമായും ഇസ്‌ലാമിനെ അവതരിപ്പിക്കുകയെന്നതാണ് *പ്രബോധനം* പ്രഥമമായി നിർവഹിച്ച ദൗത്യം. ബഹുദൈവത്വം, നിരീശ്വരത്വം, ഭൗതികവാദം, കമ്യൂണിസം, തീവ്രവാദം തുടങ്ങിയ ആശയങ്ങളോട് അത് സംവദിച്ചു. *പ്രബോധന*ത്തെ വിമർശനാത്മകമായി മാത്രം വായിക്കാൻ ശ്രമിച്ച മേൽ വിവരിച്ച ചിന്താ പദ്ധതികളുടെ പ്രയോക്താക്കളിൽ ചിലർ പിന്നീട് ഈ പ്രസിദ്ധീകരണത്തിന്റെ വാഹകരായി മാറിയ അത്ഭുതവും സംഭവിച്ചു. പുതിയ കാലത്ത് സാമ്രാജ്യത്വവും മുതലാളിത്തവും ഉയർത്തുന്ന വെല്ലുവിളികളെ പ്രമാണത്തിന്റെ വെളിച്ചത്തിലും പ്രായോഗിക സാധ്യതകൾ നിർധാരണം ചെയ്തും ചെറുക്കുന്നതിൽ മുന്നിട്ടു നിൽക്കുന്ന കേരളത്തിലെ ശക്തമായ ജിഹ്വയാണ് *പ്രബോധനം*. സാമ്രാജ്യത്വവിരുദ്ധ ചേരിയിൽ നിലകൊള്ളുന്നവർ പരിശോധനാവിധേയമാക്കുന്ന ഒരു പ്രസിദ്ധീകരണമാണ് *പ്രബോധന*മെന്നത് അടുത്തകാലത്തെ മാധ്യമ വിശകലനങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ലോക ഇസ്‌ലാമിക ചലനങ്ങളെ പരിചയപ്പെടുത്തുന്നതിലും മുസ്‌ലിം സമൂഹത്തിന് ദിശാബോധം നൽകുന്നതിലും പ്രബോധനം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

*പ്രബോധന*ത്തിന്റെ പ്രചാരണം ആരംഭം മുതൽക്കേ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ നിർബന്ധ ബാധ്യതയായി ഏറ്റെടുക്കുകയായിരുന്നു. രോഗികളും പ്രായാധിക്യം കൊണ്ട് വലഞ്ഞവരുമായ പ്രവർത്തകർപോലും തീവണ്ടിയാപ്പീസിലും ബസ്സ്റ്റാന്റിലും *പ്രബോധനം* വിതരണം ചെയ്തിരുന്നു. പത്രം തപാലിലൂടെ ലഭിക്കാൻ മാത്രം ക്ഷമയില്ലാത്തവർ വേണ്ടത്ര ഗതാഗത സൗകര്യമില്ലാതിരുന്ന അക്കാലത്ത് മലപ്പുറം ജില്ലയിലെ എടയൂരിലെത്തി *പ്രബോധനം* ചുമന്നുകൊണ്ടുപോകുമായിരുന്നു. ആദ്യകാല പ്രവർത്തകരുടെ ഈ കഠിനാധ്വാനവും ത്യാഗ മനഃസ്ഥിതിയും പുതിയ തലമുറയിൽപെട്ട ആരുടെയും കണ്ണു നനപ്പിക്കുന്നതാണ്. അവർക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടല്ലാതെ *പ്രബോധന*ത്തിന്റെ ചരിത്രം നമുക്ക് വായിക്കുക സാധ്യമല്ല.

ആദ്യ തലമുറ ആവേശത്തോടെ പൂർത്തീകരിച്ച ചരിത്രപരമായ ബാധ്യതയാണ് ഇന്ന് നമുക്കും നിർവഹിക്കാനുള്ളത്. *പ്രബോധനം* ഒരാളുടെ കൈകളിൽ എത്തിക്കുന്നത് മഹത്തായ ഒരു സൽക്കർമമാണ്. ദഅ്‌വത്തും ഇസ്‌ലാഹും നിർവഹിക്കാനുതകുംവിധം സ്വയം സംസാരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് *പ്രബോധനം*. നമ്മുടെ പ്രബോധിതരുടെയും കുടുംബാദികളുടെയും സുഹൃത്തുക്കളുടെയും കൈകളിൽ *പ്രബോധനം* എത്തിക്കാൻ ഓരോരുത്തരുടെയും ഭാഗത്തുനിന്ന് സ്വന്തം നിലക്കുള്ള പരിശ്രമങ്ങൾ ഉണ്ടാവണം. ഒരിക്കൽ തുടങ്ങി പിന്നീട് നിലച്ചുപോകേണ്ടതുമല്ല ഈ പ്രവർത്തനം. *പ്രബോധന*ത്തിന്റെ ഗുണഭോക്താക്കളായ മുഴുവൻ നന്മേഛുക്കളുടെയും പിന്തുണ നേടിയെടുക്കുന്നതിന് പ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

*പ്രബോധന*ത്തിന്റെ പ്രചാരണ പക്ഷം (ഡിസംബർ 23-30) ആരംഭിക്കുകയാണ്. പുതിയ പോളിസി പ്രോഗ്രാമിൽനിന്നും നാം ഉൾക്കൊണ്ട, ജനങ്ങളുമായുള്ള സഹവാസവും പ്രദേശങ്ങളിലേക്കുള്ള ശ്രദ്ധയും പ്രാവർത്തികമാക്കാനുള്ള നല്ല അവസരമാണ് കൈവന്നിരിക്കുന്നത്. *പ്രബോധന*ത്തെ വിജയിപ്പിക്കുന്നതിൽ ഇതുവരെ നാം കാണിച്ച ശ്രദ്ധ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് മികച്ചതാക്കുകയാണ് വേണ്ടത്. പ്രാർഥനാ നിർഭരമായ മനസ്സും പ്രതീക്ഷയോടെയുള്ള പ്രയത്നവുമാണ് പ്രസ്ഥാനം ആഗ്രഹിക്കുന്നത്. ■